WEDNESDAY 13-07-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/07/2022.

1. പ്രധാനമന്ത്രി ബസൽ ബീമാ യോജനയിലും കാലാവസ്ഥ ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി ജൂലൈ 31 ആണ്. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ ഏറ്റവും അടുത്തുള്ള സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങളെയോ അക്ഷയ കേന്ദ്രങ്ങളെയോ അംഗീകൃത ഇൻഷുറൻസ് കമ്പനി പ്രതിനിധികളെയോ സമീപിക്കേണ്ടതാണ്. ഈ വർഷം മുതൽ പോസ്റ്റ് ഓഫീസ് വഴിയും ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും ബാങ്ക് പാസ് ബുക്കിന്റെയും നികുതി ചീട്ട്/പാട്ടചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷ്വർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലെയും വാഴയും മരിച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, ജാതി, കൊക്കോ, കരിമ്പ്, ഏലം, കവുങ്ങ്, തക്കാളി, ചോളം, റാഗി, തിന മുതലായ ചെറു ധാന്യങ്ങൾ, പച്ചക്കറികൾ എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വിള നാശത്തിനുള്ള നഷ്ടപരിഹാരം സീസൺ കഴിഞ്ഞ് സർക്കാർ സമർപ്പിക്കുന്ന പഞ്ചായത്ത് തലത്തിലുള്ള വിളവിന്റെ ഡാറ്റ പ്രകാരമാണ് പ്രധാനമായും തിട്ടപ്പെടുത്തുന്നത്. കാലാവസ്ഥ വിള ഇൻഷുറൻസ് പദ്ധതിയിൽ സീസൺ കഴിഞ്ഞ കാലാവസ്ഥാ നിലയങ്ങളിൽ നിന്നും ലഭിക്കുന്ന കാലാവസ്ഥ ഡേറ്റ പ്രകാരമാണ് പ്രധാനമായും നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. കൂടാതെ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ശക്തിയായ കാറ്റ്, വാഴ, ജാതി, കവുങ്ങ്, കുരുമുളക്, ഏലം, കൊക്കോ എന്നീ വിളകൾക്ക് മാത്രം എന്നിവ കൊണ്ടുണ്ടാകുന്ന വിള നഷ്ടങ്ങൾക്ക് വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷ ലഭ്യമാണ്. വിളയുടെ വളർച്ചഘട്ടത്തെ അടിസ്ഥാനമാക്കി ജോയിൻ കമ്മിറ്റിയുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം ആയിരിക്കും നഷ്ടപരിഹാര നിർണ്ണയം. ഇപ്രകാരമുള്ള നഷ്ടപരിഹാര നിർണ്ണയം പ്രധാനമന്ത്രി ഇൻഷുറൻസ് പദ്ധതിയിൽ വെള്ളപ്പൊക്കം കൊണ്ടുണ്ടാകുന്ന വിള

നഷ്ടങ്ങൾക്ക് വാഴയ്ക്കും മരിച്ചീനിക്കും ലഭ്യമാണ്. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് നഷ്ടം സംഭവിച്ചാൽ 72 മണിക്കൂറിനുള്ളിൽ വായ്പ എടുത്ത ബാങ്കിനെയോ കൃഷിഭവനേയോ എഐസി യെ നേരിട്ടോ കർഷകർ മേഖാമൂലം അറിയിക്കേണ്ടതാണ്.

2. തോട്ടങ്ങളിൽനിന്ന് റബ്ബർപാൽ സംഭരിച്ച് വിപണനം നടത്തുമ്പോൾ കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും റബ്ബർബോർഡ് പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന കമ്പനിയായ മണിമലയാർ റബ്ബേഴ്സിന്റെ മാനേജിംഗ് ഡയറക്ടർ മറുപടി പറയും. ഈ പ്രത്യേക 'ഫോൺ-ഇൻ' പരിപാടിയിലേക്ക് ഇന്ന് (ജൂലൈ 13) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ **0481 2576622** എന്ന ഫോൺ നമ്പരിൽ വിളിക്കാവുന്നതാണ്.

3. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ സീഡ് സ്റ്റോർ നവീകരണം നടത്തിയ സമയത്തെ മാറ്റപ്പെട്ട തറയിൽ പാകിയിരുന്ന തടികൊണ്ടുള്ള പാനലിംഗുകൾ ഈ മാസം 20-ന് (ജൂലൈ 20) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ 11 -ന് രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

4. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു. ആകെ 11 വിഭാഗങ്ങളിലായാണ് അവാർഡുകൾ. ഇതിൽ 6 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും 5 അവാർഡുകൾ സ്ഥാപനങ്ങൾക്കും ഉള്ളതാണ്. വ്യക്തിഗത പുരസ്കാരങ്ങൾക്ക് ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡ് അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ ഓൺലൈൻ ആയി ksbbawards2022@gmail.com എന്ന ഇമെയിൽ വഴിയും ഓഫ്ലൈനായും **ജൂലൈ 31ന്** മുൻപായി മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം, റ്റി.സി. 24/3219, നം. 43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം-695003 വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

വിശദവിവരങ്ങളും അപേക്ഷകയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2724740** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂലൈ 14) രാവിലെ 11 മണിക്ക് **ഗ്രോബാഗിലെ പച്ചക്കറികൃഷി- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് ഈ മാസം 15,16 (ജൂലൈ 15,16) തിയതികളിൽ **"പാലിൽ നിന്ന് മൂല്യവർദ്ധിത സ്നാക്സ് (snacks)'** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **ഫീസ് 1000 രൂപയാണ്.** കൂടുതൽ വിവരങ്ങൾക്ക് **9744481598** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. വലിയതുറ തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് **തീറ്റപ്പുൽകൃഷിയും, അസോള, ഹൈഡ്രോപോണിക്സ്, സൈലേജ് നിർമ്മാണം** തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം ഉൾപ്പെടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്ത 30 പേരെയാണ് പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നത്. താൽപര്യമുള്ളവർ ഈ മാസം 15 (ജൂലൈ 15) വൈകുന്നേരം 5 മണിയ്ക്ക് മുമ്പ് **0471-2501706** എന്ന ഫോൺ നമ്പരിലോ, **8078599881, 9400831831** എന്നീ വാട്ട്സാപ്പ് നമ്പർ മുഖേനയോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അവരുടെ പേര്, മേൽവിലാസം എന്നിവ അറിയിക്കേണ്ടതാണ്. 30 പേര് തികയുന്ന സാഹചര്യത്തിൽ പരിശീലന തീയതി, സമയം എന്നിവ നേരിട്ട് വിളിച്ചറിയിക്കുന്നതാണ്.

8. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 14-ന് (ജൂലൈ 14) രാവിലെ 10 മണി മുതൽ 4 മണി വരെ **പശു വളർത്തൽ** വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ

ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

മഴക്കാലത്ത് ഇഞ്ചിയെ ബാധിക്കുന്ന ഒരു രോഗമാണ് പച്ചവാട്ടം. ഇതിനെതിരെ കൃഷിയിടങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുകയും തടങ്ങളിൽ രോഗബാധ കണ്ടാലുടൻ രോഗബാധിതരായ ചെടികൾ അവയുടെ ചുവട്ടിലെ മണ്ണോടെ പിഴുത് മാറ്റുകയും ചെയ്യണം. ഇതിന് ശേഷം വാരങ്ങളിൽ കുമ്മായം വിതറണം. ഒരാഴ്ച കഴിഞ്ഞ് ഒരു കിലോഗ്രാം സ്യൂഡോമോണാസ് 20 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടി അല്ലെങ്കിൽ 20 കിലോഗ്രാം മണലുമായി ചേർത്ത് വാരങ്ങളിൽ ഇട്ട് കൊടുക്കേണ്ടതാണ്.

10. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കൂർക്ക അഥവാ ചീവകിഴങ് നടുന്നതിന് അനുയോജ്യമായ സമയമാണിപ്പോൾ (ജൂലൈ മുതൽ ഒക്ടോബർ വരെ). നിലം ഒരുക്കുമ്പോൾ ഒരു സെന്റിന് ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടു നിലം ഒരുക്കി രണ്ടാഴ്ചയ്ക്ക് ശേഷം ഒരു സെന്റിലേക്ക് 40 കിലോ കാലിവളവും ചേർത്ത് കൊടുക്കുക. 250 ഗ്രാം യൂറിയ, ഒരു കിലോ മസ്സൂരി ഫോസ്, 350 ഗ്രാം പൊട്ടാഷ് എന്നി അളവിൽ വളപ്രയോഗവും ചെയ്ത ശേഷം കിഴങ്ങ് പാകി മുളപ്പിച്ച് മൂന്നാഴ്ച പ്രായമായ ചെടിയുടെ തലപ്പുകൾ/ വള്ളികൾ 10 - 15 സെന്റിമീറ്റർ നീളത്തിൽ മുറിച്ച് വരമ്പുകളിൽ പറിച്ചു നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം